4. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.

(എഫ്) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) പുതുതായി ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ "ധനവർഷ" "ധനസമൃദ്ധി" എന്നീ രണ്ട് നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ഇ. എഫ്. എൽ. നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ

29 (*629) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സാജുപോൾ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വനം നിയമപ്രകാരം എത്ര ഹെക്ടർ ഭൂപ്രദേശം ഏറ്റെടുത്തിട്ടുണ്ട് ;

(ബി) ഇ.എഫ്.എൽ. നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പുതിയ നിയമഭേദഗതിമൂലം ഇ.എഫ്.എൽ. പരിധിയിൽ നോട്ടിഫൈ ചെയ്ത എത്ര ഏക്കർ സ്ഥലം ഒഴിവാക്കി എന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഫലം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമപ്രകാരം നാളിതുവരെയായി 13677.7527 ഹെക്ടർ ഭൂപ്രദേശം സർക്കാരിൽ നിക്ഷിപ്തമാക്കിയതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) 2-6-2000-ൽ 2 ഹെക്ടറിൽ കൂടുതലല്ലാത്ത ഭൂമി പരിസ്ഥിതി ദുർബ്ബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച പരാതി എത്രയും വേഗത്തിൽ സുതാര്യമായ രീതിയിൽ പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുന്നതുൾപ്പെടെയുള്ള നിയമഭേദഗതി 20-8-2009- തീയതിയിൽ പ്രാബല്യത്തിൽ കൊണ്ടുവന്നു. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ച് നിയമാനുസൃതമായ അനന്തര നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതിവരുത്തിയതിന്റെ ഭാഗമായി കമ്മിറ്റികൾ എല്ലാ വനം ഡിവിഷനുകളിലും

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ, പാലക്കാട്, നിലമ്പൂർ (നോർത്ത്), നിലമ്പൂർ (സൗത്ത്), നെന്മാറ, മണ്ണാർക്കാട് എന്നീ വനം ഡിവിഷനുകളിൽ കമ്മിറ്റി രൂപീകരിച്ച് 7-7-2010 തീയതിയായി ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ, വകുപ്പ് 10 ബി പ്രകാരമുള്ള കമ്മിറ്റി സ്ഥലപരിശോധന നടത്തി സർക്കാരിലേയ്ക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗതിയിലാണ്.

പണി പൂർത്തിയാകാതെ കിടക്കുന്ന പാലങ്ങൾ

30 (*630) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വർഷങ്ങളായി പണിപൂർത്തിയാകാതെ കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള കരാർ അവസാനിപ്പിച്ച് ഇവയെല്ലാം റീടെൻഡർ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം പാലങ്ങളുടെ പണിയാണ് റീടെൻഡർ ചെയ്തത് ; ഇവയുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് എത്ര രൂപയാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വൻകിട പാലങ്ങളുടെ പണി ഏറ്റെടുത്തിട്ടുണ്ട് ;

(ഇ) പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) പണി പൂർത്തിയാകാതെ കിടന്ന പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അർഹതയുള്ള കരാറുകാർക്ക് സിമന്റിന്റെയും കമ്പിയുടെയും വില പുതുക്കി നൽകി പണി പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കരാറുകാരുടെ അനാസ്ഥ കൊണ്ടല്ലാതെ കാലവിളംബം നേരിട്ട പ്രവൃത്തികളിൽ കരാറുകാരെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി കരാറുകൾ റദ്ദു ചെയ്തു പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കരാറുകാരുടെ അനാസ്ഥമൂലം കാലതാമസം നേരിട്ട എല്ലാ പ്രവർത്തികളുടെയും കരാർ, കരാറുകാരുടെ സ്വന്തം നഷ്ടത്തിലും ഉത്തരവാദിത്വത്തിലും റദ്ദ്ചെയ്ത് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly